**വിശുദ്ധഖുർആൻ കെട്ടുകഥകൾ പറഞ്ഞുകൊണ്ടല്ല, പ്രപഞ്ചമെന്ന ഈ മഹാസൃഷ്ടിയെ ചൂണ്ടി, അതിന്റെ വ്യവസ്ഥാപിതമായ നിലനിൽപ്പിന്റെ കാരണത്തെ കണ്ടെത്താൻ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടാണ് മനുഷ്യനെ ദൈവത്തിലേക്ക് ക്ഷണിക്കുന്നത്.**

# ഖുർആൻ തെളിച്ച വെളിച്ചത്തിലൂടെ

ജി.കെ. എടത്തനാട്ടുകര

അന്ധമായ ബഹുദൈവവിശ്വാസത്തിൽനിന്ന് നിരർഥകമായ നിരീശ്വരത്വത്തിലേക്കായിരുന്നു ഈയുള്ളവന്റെ ആദ്യത്തെ മതംമാറ്റം. സൂര്യൻപോലും ആരാധിക്കപ്പെടേണ്ട 'ഭഗവാനാ'ണെന്ന് വിശ്വാസം പഠിപ്പിച്ചപ്പോൾ അതൊരു നക്ഷത്രമാണെന്നാണ് വിജ്ഞാനം(ശാസ്ത്രം) പഠിപ്പിച്ചത്. ഇവിടെ വിശ്വാസത്തേക്കാൾ സത്യം വിജ്ഞാനമാണെന്ന് കണ്ടപ്പോൾ വിശ്വാസങ്ങളെ കൈയൊഴിച്ച് വിജ്ഞാനത്തെ സ്വീകരിക്കാൻ നിർബന്ധിതനായി. ശാസ്ത്രം ഒരു ദൈവത്തെയും തെളിയിച്ചിട്ടില്ലാത്തതിനാൽ തികഞ്ഞ ദൈവനിഷേധിയായിമാറി. അതിഭൗതികകാര്യങ്ങൾ ശാസ്ത്രത്തിന്റെ വിഷയമല്ലെന്ന് തിരിച്ചറിഞ്ഞത് ഖുർആൻ ചൂണ്ടിക്കാണിച്ച ചിന്താസരണിയിലേക്ക് പ്രവേശിച്ചപ്പോഴാണ്.

വിശുദ്ധഖുർആൻ കെട്ടുകഥകൾ പറഞ്ഞുകൊണ്ടല്ല, പ്രപഞ്ചമെന്ന ഈ മഹാസൃഷ്ടിയെ ചൂണ്ടി, അതിന്റെ വ്യവസ്ഥാപിതമായ നിലനിൽപ്പിന്റെ കാരണത്തെ കണ്ടെത്താൻ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടാണ് മനുഷ്യനെ ദൈവത്തിലേക്ക് ക്ഷണിക്കുന്നത്. കാര്യത്തിൽനിന്ന് കാരണത്തെ കണ്ടെത്താനുള്ള മനുഷ്യന്റെ സവിശേഷ കഴിവുകൊണ്ട്, ഒരു മേശ കണ്ടാൽ അതിന്റെ പിന്നിൽ പ്രവർത്തിച്ച ആശാരിയെ മനസ്സിലാക്കാവുന്നതുപോലെ പ്രപഞ്ചം എന്ന വ്യവസ്ഥാപിതമായ ഈ കാര്യത്തിന്റെ കാരണം മനുഷ്യനു മനസ്സിലാക്കാവുന്നതേയുള്ളൂ. മേശ നിർമിച്ചത് ആശാരിയാണോ എന്നറിയാൻ മേശയ്ക്കുള്ളിൽ ആശാരിയെ തെരയുന്ന മൂഢസമീപനമാണ് പലരെയും ദൈവനിഷേധത്തിലെത്തിക്കുന്നത്.

ദൈവം ഉണ്ടോ എന്നന്വേഷിക്കുന്നതുപോലും ബുദ്ധിയും ചിന്താശേഷിയുമുള്ളതുകൊണ്ടാണെന്നിരിക്കെ ബുദ്ധിശൂന്യതയിൽനിന്ന് ബുദ്ധിയും ചിന്താശൂന്യതയിൽനിന്ന് ചിന്താശേഷിയും ഉണ്ടായതെങ്ങനെ? ചളിക്കുണ്ടിൽ വളർന്ന് കൂത്താടി കൊതുകായി പുറത്തുവരുമ്പോൾ കണ്ടുമുട്ടിയ മനുഷ്യന്റെ തൊലിക്കുള്ളിൽ തനിക്കുള്ള ഭക്ഷണമുണ്ടെന്നറിയുന്നു! മുട്ടയിട്ട കോഴിക്ക് അതിനടയിരുന്നാലേ മുട്ട വിരിഞ്ഞ് കുഞ്ഞ് പുറത്തുവരൂ എന്നറിയാം. സ്വയം അന്ധമായ പ്രകൃതിയിൽനിന്നുണ്ടാകുന്ന ജീവികൾക്ക് ഈ അറിവു നൽകുന്നതാര്? വിശുദ്ധഖുർആനിലൂടെ അല്ലാഹു പറയുന്നു: "ഓരോ വസ്തുവിനും അതിന്റെ ആകൃതിയും മാർഗബോധവും നൽകുന്നതല്ലാഹുവാണ്" (20:50).

ഇവിടെ ഖുർആൻ പരിചയപ്പെടുത്തുന്ന ദൈവം സകലതിന്റെയും സ്രഷ്ടാവും സംരക്ഷകനുമാണ്. "സത്യസമേതം ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനാകുന്നു അവൻ" (അൽഅൻആം: 73).

ഖുർആൻ പറയുന്ന ഈ മഹാശക്തിയെ അംഗീകരിക്കാതിരിക്കാൻ ഹൈന്ദവവേദങ്ങളിൽ വിശ്വസിക്കുന്ന ഒരാൾക്ക് സാധ്യമല്ല. ഋഗ്വേദം പറയുന്നു: "ഹിരണ്യഗർഭൻ മുമ്പേ ഉണ്ടായിരുന്നു. അവനാണ് സർവഭുവനങ്ങളുടെയും അധീശാധിപതി. ആകാശഭൂമികളെ അവൻ ധാരണം ചെയ്തു. സുഖസ്വരൂപനായ അവനെ നാം നമിക്കുക" (10:121).

ബൈബിൾ പഠിപ്പിക്കുന്ന ദൈവവും ആ മഹാശക്തി തന്നെയാണ്: "ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു- അവൻ തന്നെ ദൈവം, അവൻ ഭൂമിയെ നിർമിച്ചുണ്ടാക്കി. അവൻ അതിനെ ഉറപ്പിച്ചു. വ്യർഥമായിട്ടല്ല അവൻ അതിനെ സൃഷ്ടിച്ചത്. പാർപ്പിനത്രെ അതിനെ നിർമിച്ചത്-

ഞാൻ തന്നെ യഹോവ. വേറൊരുത്തനുമില്ല" (യെശയ്യാവ്: 45:18).

അന്ത്യപ്രവാചകനായ മുഹമ്മദ്(സ) പുതിയൊരു ദൈവത്തെ പരിചയപ്പെടുത്തിയിട്ടില്ല. പഴമയിൽ സംഭവിച്ച പിഴവുകൾ ചൂണ്ടിക്കാണിക്കുകയായിരുന്നു: "ആദിയിൽ മാനവസമൂഹം മുഴുവനും ഒറ്റ സമുദായമായിരുന്നു. പിന്നീടവർ വ്യത്യസ്ത വിശ്വാസാചാരങ്ങളുമായി ഭിന്നിച്ചുപോയി" (ഖുർആൻ: 10:19).

ഖുർആന്റെ വെളിച്ചത്തിൽ പ്രവാചകൻ(സ) നടന്ന വഴിയടയാളങ്ങളിലൂടെ ജീവിതയാത്ര തുടരാൻ ഞാൻ നിശ്ചയിച്ചത് 1994 ഏപ്രിൽ 18-ാം തീയതിയാണ് (പ്രിയ സുഹൃത്തുമുണ്ടായിരുന്നു കൂടെ). ജീവിതത്തിനർഥമുണ്ടായി എന്നതായിരുന്നു ഈ പരിവർത്തനത്തിലൂടെ കൈവന്ന ഒന്നാമത്തെ നേട്ടം. നിരീശ്വരത്വത്തിന്റെ ഇരുളടഞ്ഞ വഴികളിലൂടെയുള്ള ജീവിതയാത്ര അലക്ഷ്യതയുടെയും അനാഥത്വത്തിന്റേതുമായിരുന്നു. 'എന്തിനു ജീവിക്കുന്നു' എന്ന ചോദ്യത്തിന് 'ജനിച്ചതുകൊണ്ട്' എന്ന മറുപടി തൃപ്തികരമായിരുന്നില്ല. പക്ഷേ, മറ്റൊരു മറുപടിയും ഈ ചോദ്യത്തിന് നൽകാൻ ഭൗതികവാദത്തിനാവില്ല. 'എന്റെ ജീവിതം ഇന്നും അപൂർണമാണ്. കാരണം, മതത്തിന്റെ അടിസ്ഥാനം എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു' എന്ന് ബുദ്ധിരാക്ഷസനായിരുന്ന ബർട്രാന്റ് റസ്സൽ പരിതപിച്ചതും, 'ഒരു വിഡ്ഢി പറഞ്ഞ കടങ്കഥയല്ലോ ജീവിതമെൻ കുഞ്ഞേ' എന്ന് കവിക്ക് വിലപിക്കേണ്ടിവന്നതും ഭൗതികവാദം ജീവിതത്തിന്റെ അർഥം നിർണയിച്ചുതരാത്തതിന്റെ നിരാശയാലായിരുന്നു.

**കേവലമായ മതവിശ്വാസം ജീവിതത്തിന്റെ അർഥം കണ്ടെത്താൻ പര്യാപ്തമാവില്ല. മനുഷ്യന്റെ നിയോഗത്തെ നിർവചിക്കുന്ന മതങ്ങൾക്കേ അതിനു കഴിയൂ**

കേവലമായ മതവിശ്വാസം ജീവിതത്തിന്റെ അർഥം കണ്ടെത്താൻ പര്യാപ്തമാവില്ല. മനുഷ്യന്റെ നിയോഗത്തെ നിർവചിക്കുന്ന മതങ്ങൾക്കേ അതിനു കഴിയൂ. 'ജീവിതലക്ഷ്യം' നിർണയിക്കപ്പെടാതെവരുമ്പോൾ 'ജീവിതലക്ഷ്യങ്ങൾ' നേടിയെടുക്കാനുള്ള കുറുക്കുവഴികളായി വിശ്വാസങ്ങൾ പരിണമിക്കുന്നു. ജോലികിട്ടാനും രോഗം മാറാനുമൊക്കെ നേർച്ചവഴിപാടുകൾ നടത്താനുള്ള ഇടങ്ങളായി മതകേന്ദ്രങ്ങൾ മാറുന്നു. സർക്കാർ ഓഫീസുകളിലെ കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരുടെ റോളാണ് അത്തരം കേന്ദ്രങ്ങളിലെ 'ദൈവങ്ങൾ' നിർവഹിക്കുന്നത്. അഴിമതിക്കാരായ രാഷ്ട്രീയക്കാർ മുതൽ കള്ളക്കടത്തുകാർ വരെ നേർച്ചവഴിപാടുകൾ അർപ്പിക്കുന്നുണ്ട്. കള്ളക്കടത്തുകാരന്റെ വഴിപാടുകളുടെ ഉദ്ദേശ്യം തന്റെ കള്ളച്ചരക്കുകൾ സുരക്ഷിതമായി ലക്ഷ്യത്തിലെത്തുക എന്നതായിരിക്കുമല്ലോ. ഇതാകട്ടെ, അധർമവും ശിക്ഷാർഹമായ കുറ്റവുമാകുന്നു. പക്ഷേ, അഴിമതിക്കാരുടെയും കരിഞ്ചന്തക്കാരുടെയും കാണിക്ക നിഷേധിക്കുന്ന സന്നിധാനങ്ങളും തീർഥാടനകേന്ദ്രങ്ങളും വല്ലതുമുണ്ടോ?

മനുഷ്യന് ദൈവം നൽകിയ ഒരു പ്രധാന ഗുണത്തെപ്പറ്റി ഖുർആൻ പറയുന്നു: "നാം അവർക്ക് ധർമാധർമബോധം നൽകിയിരിക്കുന്നു". ഈ പ്രകൃതിഗുണത്തെ അവഗണിച്ചുകൊണ്ട് വെട്ടിത്തെളിക്കുന്ന ഏതൊരു ജീവിതസരണിക്കും നേർമാർഗത്തിനുവേണ്ട സവിശേഷതകൾ ഉൾക്കൊള്ളാനാവില്ല.

ഒരേസമയം വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കരണം ലക്ഷ്യമാക്കുന്ന വേദമാണ് ഖുർആൻ. 'സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' എന്ന സമീപനത്തെ ഖുർആൻ അംഗീകരിക്കുന്നില്ല. പള്ളിയെയും പാർലമെന്റിനെയും സമന്വയിപ്പിക്കാനാണ് ഖുർആന്റെ ആഹ്വാനം: "അറിയുക! സൃഷ്ടി അല്ലാഹുവിന്റേതു മാത്രമാണ്. ശാസനാധികാരവും അവനുമാത്രം" (7:54).

നംറൂദ് എന്ന ഏകാധിപതിയോട് സമരം നയിച്ച ഇബ്റാഹീം(അ) പ്രവാചകന്റെ ചരിത്രവും ഫിർഔൻ എന്ന സ്വേഛാധിപതിയോട് മൂസാപ്രവാചകൻ നയിച്ച പോരാട്ടത്തിന്റെ ചരിത്രവും ഒരുപക്ഷേ, കംസനെന്ന ദുഷ്ടശക്തിയോട് കൃഷ്ണൻ നയിച്ച ധർമസമരത്തിന്റെ ചരിത്രവുമൊക്കെ സൂചിപ്പിക്കുന്നത് മതമൂല്യങ്ങളുടെ പ്രസക്തി വ്യക്തിതലത്തിൽ ഒതുങ്ങുന്നില്ല എന്നാണ്. വിശുദ്ധഖുർആൻ പരിചയപ്പെടുത്തുന്ന പ്രവാചകന്മാരൊക്കെയും നിയോഗിതരായത് മാനവവിമോചനം എന്ന ദൗത്യം ഏറ്റെടുത്തുകൊണ്ടാണ്. 'ജീവിക്കുന്ന ഖുർആൻ' എന്ന് വിശേഷിപ്പിക്കപ്പെട്ട പ്രവാചകൻ(സ) ആത്മീയ നേതാവായതോടൊപ്പം രാഷ്ട്രീയനേതാവുകൂടിയായത് അതുകൊണ്ടാണ്.

ഹിജ്റ ഒന്നാം നൂറ്റാണ്ടിലെ ഒരു മുസ്‌ലിംപടനായകൻ അന്നത്തെ പേർഷ്യൻചക്രവർത്തിയോട് മുസ്‌ലിംഉമ്മത്തിന്റെ നിയോഗം പ്രഖ്യാപിച്ചതിപ്രകാരമത്രെ: "സൃഷ്ടികളുടെ അടിമത്തത്തിൽനിന്ന് സ്രഷ്ടാവിന്റെ അടിമത്തത്തിലേക്ക്, ദുൻയാവിന്റെ കുടുസ്സിൽനിന്ന് ഇഹ-പരജീവിതത്തിന്റെ വിശാലതയിലേക്കും മതങ്ങളുടെ അതിക്രമങ്ങളിൽനിന്ന് ഇസ്‌ലാമികനീതിയിലേക്കും ജനങ്ങളെ ക്ഷണിക്കാൻ ദൈവം നിയോഗിച്ചവരാണ് ഞങ്ങൾ". വിശുദ്ധഖുർആന്റെ അവതരണോദ്ദേശ്യമെന്താണെന്നതിന്റെ രത്നച്ചുരുക്കമാണീ പ്രഖ്യാപനം.

ഒരു കമ്യൂണിസ്റ്റ് അനുഭാവിയായിരുന്നതിനാലാവാം ഖുർആന്റെ ഈ വിപ്ലവമുഖം എന്നെ ഏറെ സ്വാധീനിച്ചു. പ്രത്യേകിച്ച്, പലിശരഹിതമായ അതിന്റെ സാമ്പത്തികവീക്ഷണം. സകാത്ത് വാങ്ങാൻ പോലും ആളില്ലാത്ത അവസ്ഥ സൃഷ്ടിക്കാൻ ഖുർആൻ പഠിപ്പിക്കുന്ന സാമ്പത്തികപരിഷ്കരണത്തിലൂടെ സാധ്യമായെന്ന് ചരിത്രം പറയുന്നു. അതുകൊണ്ടുതന്നെ സോഷ്യലിസപൂമൊട്ട് കമ്യൂണിസമായി വിരിയും മുമ്പ് കൊഴിഞ്ഞുപോയെങ്കിലും അതിന്റെ പ്രായോഗിക ബദൽ ഇസ്‌ലാമിൽ ദർശിക്കാൻ കഴിഞ്ഞു.

വിശുദ്ധഖുർആനിലെ ഏറ്റവും സുന്ദരമായ വചനങ്ങളിലൊന്നായി തോന്നിയത്, "മതനിഷേധി ആരെന്ന് താങ്കൾ കണ്ടുവോ? അവൻ അനാഥയെ ആട്ടിയകറ്റുന്നവനും അഗതിയുടെ ആഹാരം നൽകാൻ പ്രേരിപ്പിക്കാത്തവനുമാകുന്നു" (107: 1-3).

നശ്വരമായ ഈ ജീവിതത്തിലേക്കു വേണ്ട നിയമനിർദേശങ്ങൾ തരുന്ന ഖുർആൻ ജീവിതത്തിന്റെ പൂർണത ഇവിടെ ദർശിക്കുന്നില്ല. മൂന്നു ഘട്ടങ്ങളിലൂടെ പൂർണമാകുന്നതത്രെ ജീവിതം: ഒന്ന്, മാതാവിന്റെ ഗർഭാശയത്തിൽ പത്തു മാസക്കാലമുള്ള ജീവിതം. കർമഭൂമിയെ പരിചയമില്ലാത്ത ഗർഭസ്ഥശിശു അതുതന്നെ ജീവിതം എന്ന് ധരിച്ചാലും നിശ്ചിത സമയശേഷം പുറംതള്ളപ്പെടുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് അവൻ ദർശിക്കുന്നത് ഒരു പുതിയ ലോകത്തെയാണ്. പിന്നീട് ധർമാധർമബോധത്തോടെ കർമം ചെയ്ത മനുഷ്യൻ കർമഫലം പൂർണമായി (നന്മയാകട്ടെ, തിന്മയാകട്ടെ) അനുഭവിക്കാതെ മരണത്തോടെ ഈ ലോകത്തുനിന്ന് പുറംതള്ളപ്പെടുന്നു. ഈ അപൂർണാവസ്ഥയിൽ ജീവിതകഥ അവസാനിക്കുന്നില്ല. അവസാനിക്കാൻ പാടില്ല എന്നത് മനുഷ്യമനസ്സാക്ഷിയുടെ തേട്ടം കൂടിയാണ്. കാരണം, നിരപരാധിക്കു നീതിയും അക്രമിക്കു ശിക്ഷയും ഇവിടെ പൂർണാർഥത്തിലുണ്ടാകുന്നില്ല. മരണാനന്തരാവസ്ഥയെക്കുറിച്ച് ഖുർആൻ പറയുന്നു: "ആർ അണുമണിത്തൂക്കം നന്മ ചെയ്തുവോ അതവൻ കാണും. ആർ അണുമണിത്തൂക്കം തിന്മ ചെയ്തുവോ അതവനും കാണും" (99:7-8). ■